2024
AUGUST
07
WEDNESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# വയനാട്ടിൽ 310 ഹെക്ടറിൽ കൃഷിനാശം



**മേപ്പാടി:** ഉരുൾപൊട്ടലിനെ തുടർന്ന് വയനാട്ടിലുണ്ടായ കാർഷിക നഷ്ടം രേഖപ്പെടുത്തി കൃഷി വകുപ്പ് തയാറാക്കിയ പ്രാഥമിക റിപ്പോർട്ട് ഞെട്ടിക്കുന്നതാണ്. പ്രദേശത്തെ 310 ഹെക്ടറിൽ കൃഷി നശിച്ചതായാണ് റിപ്പോർട്ട്. 750ൽ അധികം കുടുംബങ്ങൾ പ്രദേശത്ത് കൃഷിയെ ആശ്രയിച്ചു മാത്രം ജീവിച്ചവരാണ്. ഇവരുടെ ഉപജീവന മാർഗം കൂടിയാണ് ഉരുൾപൊട്ടലോടെ വഴിമുട്ടിയത്. വാസയോഗ്യമല്ലെന്ന് വിധിയെഴുതിയ പ്രദേശത്ത് ഇനി കൃഷിയിറക്കാൻ കഴിയുമോയെന്ന ആശങ്കയിലാണ് കർഷകർ. 6 ഹെക്ടറിൽ അധികം വനഭൂമിയാണ് ചെളിയിൽ പൊതിഞ്ഞുപോയത്. 50 ഹെക്ടർ ഏലം, 100 ഹെക്ടർ കാപ്പി എന്നീ കൃഷികളാണ് പ്രധാനമായും നശിച്ചത്. 70 ഹെക്ടർ കുരുമുളക്, 55 ഹെക്ടർ തേയില, തെങ്ങും, കവുങ്ങും വാഴയും പത്ത് ഏക്കർ വീതവും നശിച്ചു. ചൂരൽമലയോട് ചേർന്നുള്ള അപൂർവ സസ്യജാലങ്ങൾ ഉള്ള മേഖല സമ്പൂർണമായും ഇല്ലാതായി. കഴിഞ്ഞ 10 വർഷത്തിനിടെ 7 പുതിയ സസ്യ ജാലങ്ങളെ കണ്ടെത്തിയ സ്ഥലമാണ് ഉരുൾപൊട്ടലിനൊപ്പം ഒലിച്ചപോയത്. 2021ലെ പക്ഷി സർവേയിൽ166 ഇനം പക്ഷികളെ അടയാളപ്പെടുത്തിയിരുന്നു. 80 കാട് വെട്ട് യന്ത്രങ്ങൾ, 150 സ്പ്രേയർ, 750 കാർഷിക ഉപകരണങ്ങൾ, 200 പമ്പ് സെറ്റുകൾ, 150 ലധികം മറ്റ് ഉപകരണങ്ങൾ എന്നിവയും നശിച്ചു.

## തിരിച്ചുകയറി ഓഹരി വിപണി; സെൻസെക്സ് ആയിരത്തിലധികം പോയിൻറ് കുതിച്ചു



**മുംബൈ:** തിങ്കളാഴ്ച സെൻസെക്സ് 2000ത്തിലധികം പോയിൻറ ഇടിവ് നേരിട്ട ഓഹരി വിപണി ഇന്നലെ തിരിച്ചുകയറി. സെൻസെക്സ് ആയിരത്തിലധികം പോയിൻറാണ് മുന്നേറിയത്. നിഫ്റ്റിയിലും സമാനമായ മുന്നേറ്റം ദൃശ്യമായി.

സെൻസെക്സ് 921 പോയിൻറ് ഉയർന്ന് 79,680 ലും നിഫ്റ്റി 262 പോയിൻറ് ഉയർന്ന് 24,318 ലും എത്തി.നിലവിൽ 79,888 പോയൻറിലാണ് വ്യാപാരം തുടരുന്നത്. ഓട്ടോ, മെറ്റൽ ഓഹരികളാണ് പ്രധാനമായി നേട്ടം ഉണ്ടാക്കുന്നത്.

ഓട്ടോ ഓഹരികൾ 3 ശതമാനത്തോളമാണ് മുന്നേറിയത്. ടാറ്റ മോട്ടോഴ്സ്, മാരുതി സുസുക്കി, മഹീന്ദ്ര ആൻറ മഹീന്ദ്ര, റിലയൻസ് ഇൻഡസ്ട്രീസ്, അദാനി പോർട്സ്, എച്ച്ഡിഎഫ്സി ബാങ്ക് തുടങ്ങിയവ നേട്ടം ഉണ്ടാക്കി. അതേസമയം എസ്ബിഐ, അപ്പോളോ ആശുപത്രി, സിപ്ല ഓഹരികൾ നഷ്ടം നേരിട്ടു.

## ട്രംപ് ഉൾപ്പടെയുള്ള അമേരിക്കൻ നേതാക്കളെ വധിക്കാൻ പദ്ധതി; പാക് ഭീകരൻ അറസ്റ്റിൽ

**വാഷിംഗ്ടൺ ഡിസി:** അമേരിക്കൻ മുൻ പ്രസിഡൻറ് ഡോണൾഡ് ട്രംപ് ഉൾപ്പെടെ!യുള്ള ഉന്നത അമേരിക്കൻ നേതാക്കളെ വധിക്കാൻ ഗൂഢാലോചന നടത്തിയതുമായി ബന്ധപ്പെട്ട് പാക്കിസ്ഥാൻ ഭീകരൻ അറസ്റ്റിൽ.




ആസിഫ് മെർച്ചൻറ്(46) എന്നയാളാണ് അറസ്റ്റിലായത്. അമേരിക്ക വിടാനൊരുങ്ങുമ്പോഴാണ് അറസ്റ്റ്. ഇതുമായി ബന്ധപ്പെട്ട കുറ്റപത്രം യുഎസ് ജസ്റ്റീസ് ഡിപാർട്ട്മെൻറ് ന്യൂയോർക്ക് കോടതിയിൽ സമർപ്പിച്ചു. ഇയാൾക്ക് ഇറാൻ സർക്കാരുമായി ബന്ധമുണ്ടെന്ന് കണ്ടെത്തി.

നേതാക്കളെ വധിക്കാൻ വാടകക്കൊലയാളികളെ ഏർപ്പാട് ചെയ്തതടക്കമുള്ള ആരോപണങ്ങൾ ഇയാൾക്ക് നേരെ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ട്രംപിനെ ഉൾപ്പടെ യുഎസിലെ ഉന്നത ഉദ്യോഗസ്ഥരെ വധിക്കാൻ ലക്ഷ്യമിട്ടെന്നാണ് എഫ്ബിഐയിലെ അന്വേഷണ ഉദ്യോഗസ്ഥർ സംശയിക്കുന്നത്.

ഓഗസ്റ്റ് അവസാനമോ സെപ്റ്റംബർ ആദ്യമോ കൊലപാതകം നടത്താനാണ് പദ്ധതിയെന്നാണ് കരുതുന്നത്. ആസിഫ് ന്യൂയോർക്കിലെ ഫെഡറൽ കസ്റ്റഡിയിലാണുള്ളത്.

## പ്രതിഷേധക്കാരുടെ ആവശ്യം അംഗീകരിച്ച് പ്രസിഡന്റ്; ബംഗ്ലദേശ് പാർലമെന്റ് പിരിച്ചുവിട്ടു

**ധാക്ക:** ആഭ്യന്തര കലാപത്തെ തുടർന്ന് പ്രധാനമന്ത്രി ഷെയ്ഖ് ഹസീന രാജിവച്ചതിനു പിന്നാലെ ബംഗ്ലദേശ് പാർലമെൻറ് പിരിച്ചുവിട്ടു. ബംഗ്ലദേശ് പ്രസിഡന്റ് മുഹമ്മദ് ഷഹാബുദ്ദീനാണ് പ്രഖ്യാപനം നടത്തിയത്. ഇന്നു വൈകുന്നേരത്തിനുള്ളിൽ പാർലമെൻറ് പിരിച്ചുവിടണമെന്ന് വിദ്യാർഥി പ്രക്ഷോഭകർ അന്ത്യശാസനം നൽകിയിരുന്നു. പാർലമെൻറ് പിരിച്ചുവിട്ടതോടെ ഇടക്കാല സർക്കാർ രൂപീകരണ ചർച്ചകൾ സജീവമായി. പാർലമെന്റ് പിരിച്ചുവിട്ട് 90 ദിവസത്തിനകം തിരഞ്ഞെടുപ്പ് നടത്തണം.

കലാപം തുടരുന്ന പശ്ചാത്തലത്തിൽ സൈനിക മേധാവി വിദ്യാർഥി പ്രക്ഷോഭകരുമായി വൈകാതെ ചർച്ച നടത്തും.

സൈന്യം നിയന്ത്രിക്കുന്ന സർക്കാരിനെ അംഗീകരിക്കില്ലെന്നാണ് വിദ്യാർഥി പ്രക്ഷോഭത്തിനു നേതൃത്വം നൽകുന്നവരുടെ നിലപാട്. പാരിസിൽ ചികിത്സയിലുള്ള സമാധാന നൊബേൽ ജേതാവ് മുഹമ്മദ് യൂനുസ് പുതിയ സർക്കാരിൻറെ മുഖ്യ ഉപദേഷ്ടാവായേക്കുമെന്നാണ് വിവരം.

യൂനുസ് സർക്കാരിനെ നയിക്കണമെന്നായിരുന്നു സമരക്കാരുടെ ആവശ്യം. ഇയാൾ വൈകാതെ പാരിസിൽ നിന്നും ബംഗ്ലദേശിലേക്ക് മടങ്ങുമെന്നാണ് വിവരം

## റിപ്പോ നിരക്കിൽ മാറ്റമുണ്ടാകില്ല; ഡിസംബറിൽ പലിശ കുറയ്ക്കൽ നടപടികൾ തുടങ്ങിയേക്കും

**കൊച്ചി:** ധന അവലോകന നയത്തിലും റിസർവ് ബാങ്ക് മുഖ്യ പലിശ നിരക്കായ റിപ്പോ 6.5 ശതമാനമായി നിലനിർത്തിയേക്കും. നാണയപ്പെരുപ്പ ഭീഷണി പൂർണമായും ഒഴിവാകാത്തതിനാൽ വിപണിയിലെ പണലഭ്യത ഉയർത്തുന്ന യാതൊരു നടപടികൾക്കും റിസർവ് ബാങ്ക് തയാറാവില്ലെന്ന് ധനകാര്യ വിദഗ്ധർ പറയുന്നു. ജിഡിപി വളർച്ചാ നിരക്കും നാണയപ്പെരുപ്പവും വ്യാവസായിക ഉത്പാദന സൂചികയിലെ മാറ്റങ്ങളും കണക്കിലെടുത്ത് ഡിസംബറിന് ശേഷം മാത്രമേ പലിശയിൽ മാറ്റം വരുത്താനിടയുള്ളെന്നും അവർ പറയുന്നു. അതേസമയം ഡിസംബറിൽ പലിശ കുറയ്ക്കൽ നടപടികൾ റിസർവ് ബാങ്ക് ആരംഭിക്കുമെന്ന് ബാങ്ക് ഒഫ് അമെരിക്കയുടെ ഗവേഷണ റിപ്പോർട്ടിൽ പറയുന്നു.

റിസർവ് ബാങ്കിൽ നിന്നും ബാങ്കുകൾ വാങ്ങുന്ന വായ്പകളുടെ പലിശയായ റിപ്പോ നിരക്ക് 2023 ഫെബ്രുവരിക്ക് ശേഷം 6.5 ശതമാനത്തിൽ തുടരുകയാണ്. കാലാവസ്ഥാ വ്യതിയാനം മൂലം ഉത്പാദനത്തിലെ ഇടിവ് മൂലം ഭക്ഷ്യ ഉത്പന്നങ്ങളുടെ വിലക്കയറ്റം രൂക്ഷമായി തുടരുന്നതാണ് റിസർവ് ബാങ്കിന് വെല്ലുവിളി സൃഷ്ടിക്കുന്നത്. റിസർവ് ബാങ്ക് ഗവർണർ ശക്തികാന്ത് ദാസിൻറെ അധ്യക്ഷതയിൽ നടക്കുന്ന ഇത്തവണത്തെ ധന അവലോകനത്തിലും റിസർവ് ബാങ്ക് തൽസ്ഥിതി തുടരാനാകും തീരുമാനിക്കുക. നാണയപ്പെടുപ്പം 5.1 ശതമാനമായി ഉയർന്നതാണ് റിസർവ് ബാങ്കിന് വെല്ലുവിളിയെന്ന് ബാങ്ക് ഒഫ് ബറോഡ ചീഫ് ഇക്കണോമിസ്റ്റ് മദൻ സദ്നാവിസ് പറഞ്ഞു.

അതേസമയം അടുത്ത മാസം നടക്കുന്ന ഫെഡറൽ റിസർവിൻറെ യോഗത്തിൽ അമെരിക്കയിലെ പലിശ നിരക്ക് കുറയ്ക്കാനുള്ള തീരുമാനം പ്രഖ്യാപിച്ചേക്കും. പലിശ നിരക്കിൽ അര ശതമാനം വരെ കുറവുണ്ടാകുമെന്നാണ് പ്രതീക്ഷ. കഴിഞ്ഞ ദിവസം പുറത്തുവന്ന കണക്കുകളനുസരിച്ച് അമെരിക്കയിലെ തൊഴിലില്ലായ്മ നിരക്ക് രണ്ട് വർഷത്തെ ഉയർന്ന തലത്തിലാണ്. ബാങ്ക് ഒഫ് ഇംഗ്ലണ്ട് മാന്ദ്യം നേരിടുന്നതിന് കഴിഞ്ഞ വാരം പലിശ കുറച്ചിരുന്നു.

അഡ്മിഷൻ തുടരുന്നു...

2024–2025
Integrated
MBA
MCA
(5 years)
Qualification: Plus Two
OTHER COURSES:
- B.Sc. Food Technology
- B.Sc. Microbiology
- B.Sc. Cyber Forensic
- B.Sc. Apparel and Fashion Technology
- B.A. Animation
KMM COLLEGES
Affiliated to MG University & Approved by AICTE
THRIKKAKKARA
Ph: 9895545924, 9400939888
www.kmmcolleges.com

സൊസൈറ്റി ടുഡേ
SOCIETY TODAY




ഐഎംഎ കൊച്ചിയുടെ നേതൃത്വത്തിലുള്ള ' അരികെ' പാലിയേറ്റീവ് കെയർ പ്രവർത്തനം ആറാം വർഷത്തിലേക്ക് പ്രവേശിക്കുന്നതുമായി ബന്ധപ്പെട്ട് എറണാകുളം പ്രസ് ക്ലബ്ബിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ ഡോ. എം ഐ ജുനൈദ് റഹ്മാൻ, ഡോ.എം എം ഹനീഷ് എന്നിവർ സംസാരിക്കുന്നു. ഡോ.ജോർജ്ജ് തുകലൻ, ഡോ. അതുൽ ജോസഫ് മാനുവൽ എന്നിവർ സമീപം

# 'അരികെ' പാലിയേറ്റീവ് കെയർ ആറാം വർഷത്തിലേക്ക്

**കൊച്ചി:** ഐഎംഎ കൊച്ചിയുടെ നേതൃത്വത്തിൽ നടത്തുന്ന കമ്മ്യൂണിറ്റി അധിഷ്ഠിത പാലിയേറ്റീവ് കെയർ സംവിധാനം ' അരികെ ' ആറാം വർഷത്തിലേക്ക്. അഞ്ചു വർഷം അരികെ നടത്തിയ പ്രവർത്തനങ്ങളുടെ അവലോകനവും പ്രവർത്തകരുടെയും അഭ്യുദയകാംക്ഷികളുടെയും ഒത്തുചേരലും ഇന്ന് (ആഗസ്റ്റ് 07,ബുധൻ) വൈകിട്ട് ഏഴിന് കലൂർ ഐഎംഎ ഹൗസിൽ നടക്കുമെന്ന് ഐഎംഎ കൊച്ചി മുൻ പ്രസിഡന്റും ഐഎംഎ ചാരിറ്റബിൾ പ്രവർത്തനങ്ങളുടെ കൺവീനറുമായ ഡോ. എം ഐ ജുനൈദ് റഹ്മാൻ, ഐഎംഎ കൊച്ചി പ്രസിഡന്റ് ഡോ.എം എം ഹനീഷ്, ഐഎംഎ കൊച്ചി വൈസ് പ്രസിഡന്റ് ഡോ. അതുൽ ജോസഫ് മാനുവൽ, ഐഎംഎ കൊച്ചി സെക്രട്ടറിയും അരികെയുടെ മുഖ്യചുമതലക്കാരനുമായ ഡോ. ജോർജ്ജ് തുകലൻ എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ലളിതമായ രീതിയിലുള്ള ഒത്തുചേരലാണ് സംഘടിപ്പിച്ചിരിക്കുന്നത്.

കഴിഞ്ഞ അഞ്ചുവർഷം ഒട്ടേറെ പേർക്ക് സാന്ത്വനമാകാൻ അരികെയ്ക്ക് സാധിച്ചു.ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ അനുഭവിക്കുന്നവർക്ക് സാമൂഹിക അടിസ്ഥാനത്തിൽ പരിചരണം നൽകാനും അവരുടെ അന്തസ് വീണ്ടെടുത്ത് ജീവിത നിലവാരം മെച്ചപ്പെടുത്തുകയെന്ന ഉദ്ദേശത്തോടെയാണ് അരിക സംവിധാനം ആരംഭിച്ചതെന്ന് ഇവർ പറഞ്ഞു. നിലവിൽ 2540 ലധികം കുടുംബങ്ങൾ അരികെയുടെ സംരക്ഷണത്തിൻ കീഴിലുണ്ടെന്നും ഭാരവാഹികൾ പറഞ്ഞു. വീടുകളിലെ ചികിൽസ കൂടുതൽ മെച്ചപ്പെടണമെന്നുണ്ടെങ്കിൽ ഡോക്ടർമാരുടെ കൂടുതൽ ഇടപെടലും ഉപദേശങ്ങളും അനിവാര്യമാണ് ഇത്തരത്തിൽ പ്രവർത്തനം കൂടുതൽ വ്യാപിപ്പിക്കുകയെന്നതാണ് അരികെ പ്രധാനമായും ഭാവിയിൽ ലക്ഷ്യം വെയ്ക്കുന്നത്. നിലവിൽ കൊച്ചിൻ കോർപ്പറേഷനിലെ മിക്കയിടങ്ങളിലും അരികെയുടെ സേവനം 24 മണിക്കൂറും ലഭ്യമാക്കുന്നുണ്ട്.

ഇതേ രീതിയിൽ ഭാവിയിൽ കോർപ്പറേഷന്റെ മുഴുവൻ മേഖലകളിലും മറ്റിടങ്ങളിലും അരികെയുടെ സേവനം ലഭ്യമാക്കാനുള്ള ശ്രമങ്ങളും നടപടികളുമാണ് ഉദ്ദേശിക്കുന്നത്. സമാന രീതിയിൽ പ്രവർത്തിക്കുന്ന മറ്റു പാലിയേറ്റീവ് കെയർ സംവിധാനങ്ങളെയും അരികെയുടെ മാതൃകയിൽ ഉയർത്താനുള്ള പിന്തുണയും നൽകും. നേഴ്സുമാർ, ഡോക്ടർമാർ എന്നിവരുടെ 24 മണിക്കൂർ ഹോം കെയർ പരിചരണം, ഫിസിയോ തെറാപ്പിസ്റ്റുകളുടെ സേവനം, ഹോംകെയർ സേവനം നൽകുന്ന വിവിധ ആരോഗ്യപ്രവർത്തകർക്ക് 24 മണിക്കൂർ ടെലി മെഡിസിൻ പിന്തുണ, ഹെൽത്ത് കെയർ പ്രൊഫഷണലുകൾക്കും കമ്മ്യൂണിറ്റി വോളണ്ടിയർമാർക്കും അത്യാധുനിക പരിശീലന പരിപാടികൾ, മുഴുവൻ സിബിഒകളെയും എൻജിഒകളെയും പൊതുസ്വകാര്യസ്ഥാപനങ്ങളെയും ബന്ധിപ്പിക്കുന്ന ഔട്ട് റീച്ച് പ്രോഗ്രാമുകൾ എന്നിവ നടപ്പിലാക്കാനും അരികെ ലക്ഷ്യമിടുന്നു. നിലവിലെ ചികിൽസാ ചിലവ് താങ്ങാൻ കഴിയാതെ ബുദ്ധിമുട്ടുന്നവർക്ക് സഹായമായി മാറേണ്ടത് അനിവാര്യമാണ്. ഇതിനുള്ള ബദൽമാർഗ്ഗം കൂടിയാണ് അരികെ എന്ന സംവിധാനം. വാർധക്യം മൂലവും മറ്റും വീട്ടിൽ കിടപ്പുരോഗികളായിട്ടുള്ളവരെ ഏതു ഘട്ടത്തിലും ചികിൽസിയ്ക്കാൻ ആ വിട്ടിലുള്ളവരെ തന്നെ പ്രാപ്തരാക്കി മാറ്റുകയാണ് അരികെ വഴി ചെയ്യുന്നത്.നിരവധി കമ്പനികളുടെ സിഎസ്ആർ ഫണ്ടുകൾ ലഭ്യമാക്കിയാണ് അരികെ പ്രവർത്തിക്കുന്നതെന്നും ഭാരവാഹികൾ വ്യക്തമാക്കി.

## വയനാട് ദുരന്തം: ക്ലെയിം സെറ്റിൽമെന്റ് നടപടിലളിതമാക്കി ഐസിഐസിഐ

**കൊച്ചി:** വയനാട് ഉരുൾപൊട്ടൽ ദുരിതബാധിതരുടെ ക്ലെയിം സെറ്റിൽമെന്റ് നടപടിക്രമങ്ങൾ ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ലളിതമാക്കിയതായി ചീഫ് ഓപ്പറേഷൻസ് ഓഫീസർ അമീഷ് ബാങ്കർ പറഞ്ഞു.

പ്രധാനമന്ത്രി ജീവൻ ജ്യോതി ബീമാ യോജന (പിഎംജെജെബിവൈ) അടക്കമുള്ള ക്ലെയിമുകളിൽ വെറും മൂന്ന് അടിസ്ഥാന രേഖകളുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കും.ഐഎഫ്എസ്സി കോഡുമായുള്ള ബാങ്ക് അക്കൗണ്ട് നമ്പർ അല്ലെങ്കിൽ ക്യാൻസൽ ചെയ്ത ചെക്കിന്റെ പകർപ്പ്. പ്രാദേശിക ഭരണകൂടം നൽകിയ മരണ സർട്ടിഫിക്കറ്റ്. ഇതു ലഭ്യമല്ലെങ്കിൽ ആശുപത്രികൾ, സർക്കാർ അധികൃതർ, പോലീസ് എന്നിവരാരെങ്കിലും നൽകിയ മരണപ്പെട്ടവരുടെ പട്ടിക. പാൻ കാർഡ്, ഫോം 60, അടുത്തിടെയുള്ള ഫോട്ടോ, ആധാർ കാർഡോ പാസ്പോർട്ടോ ഡ്രൈവിങ് ലൈസൻസോ വോട്ടർ ഐഡിയോ തൊഴിലുറപ്പു കാർഡോ ദേശീയ പോപ്പുലേഷൻ രജിസ്റ്റർ നൽകിയ കത്തോ അടക്കം ഏതെങ്കിലും ഔദ്യോഗിക രേഖ എന്നീ മൂന്നു വിഭാഗത്തിലെ രേഖകളാണ് ആവശ്യമുള്ളത്.ഗുണഭോക്താക്കളേയും നോമിനികളേയും സഹായിക്കാനായി 18002660 എന്ന പ്രത്യേക ടോൾ ഫ്രീ നമ്പർ സജ്ജമാക്കിയിട്ടുണ്ട്. claimsupport@iciciprulife.com എന്ന ഇമെയിൽ അല്ലെങ്കിൽ www.iciciprulife.com/claims എന്ന വെബ്സൈറ്റ് വഴിയും ക്ലെയിം സംബന്ധിയായ വിവരങ്ങൾ അറിയാം. SMS ICLAIM <space> പോളിസി നമ്പർ എന്ന ക്രമത്തിൽ 56767 എന്ന നമ്പറിലേക്ക് എസ്എംഎസും അയക്കാം.വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽപ്പെട്ട കുടുംബങ്ങളുടെ ദുഃഖത്തിൽ തങ്ങൾ പങ്കുചേരുന്നു. ഈ പ്രകൃതിക്ഷോഭം മൂലം ഉണ്ടായ എല്ലാ ക്ലെയിമുകളും വെറും മൂന്ന് അടിസ്ഥാന രേഖകളുടെ അടിസ്ഥാനത്തിൽ വേഗത്തിൽ തീർപ്പാക്കുമെന്ന് അമീഷ് ബാങ്കർ പറഞ്ഞു.

## ദുരന്തബാധിതർക്ക് സഹായവുമായി വിഗാർഡ് ഇൻഡസ്ട്രീസ്

**കൊച്ചി:** വയനാട്ടിലെ മുണ്ടക്കൈയിലുണ്ടായ ഉരുൾപൊട്ടൽ ദുരന്തബാധിതരായവർക്ക് 200 കിടക്കകളും 6 ടൺ ഭക്ഷ്യധാന്യങ്ങളും എത്തിച്ച് സഹായഹസ്തവുമായി വിഗാർഡ് ഇൻഡസ്ട്രീസ്. ദുരിതബാധിതർക്ക് അടിയന്തര സഹായം എത്തിക്കുക എന്ന ലക്ഷ്യത്തോടെ വയനാട് കൽപ്പറ്റയിലെ ദുരിതാശ്വാസ കേന്ദ്രത്തിലേക്കാണ് ഭക്ഷ്യധാന്യങ്ങളും കിടക്കകളും എത്തിച്ചത്.'കേരളം കണ്ട ഏറ്റവും വലിയ പ്രകൃതി ദുരന്തങ്ങളിൽ ഒന്നായ ഈ ഉരുൾപൊട്ടലിൽ നാമെല്ലാവരും ദുഃഖിതരാണെന്നും, ഈ സാഹചര്യത്തിൽ ഞങ്ങളുടെ എല്ലാവിധ പ്രാർത്ഥനകളും പിന്തുണയും ദുരന്തബാധിതർക്കും അവരുടെ കുടുംബങ്ങൾക്കും ഒപ്പമുണ്ടെന്നും' വിഗാർഡ് മാനേജിംഗ് ഡയറക്ടർ മിഥുൻ ചിറ്റിലപ്പിള്ളി പറഞ്ഞു. ഞങ്ങളുടെ ഈ ചെറിയ സഹായം ആവശ്യക്കാരായവർക്ക് ആശ്വാസമാകുമെന്ന് പ്രതീക്ഷിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.ദുരിതബാധിതർക്ക് കാലതാമസമില്ലാതെ സഹായം എത്തിക്കുന്നത് ഉറപ്പാക്കാൻ സാധനസാമഗ്രികളുമായുള്ള ട്രക്ക് തിങ്കളാഴ്ച എത്തിച്ചു. ദുരന്ത നിവാരണ പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്നതിനും സമൂഹത്തിന്റെ ക്ഷേമത്തിന് സംഭാവന നൽകുന്നതിനും വിഗാർഡ് എന്നും പ്രതിജ്ഞാബദ്ധരാണ്. ദുരിതബാധിതർക്ക് ആദ്യ ഘട്ട സഹായമെന്ന നിലയിലാണ് സാധനസാമഗ്രികൾ എത്തിച്ചിരിക്കുന്നത്.

## കൈത്തറിയുടെ വളർച്ച: പ്രാധാന്യം നൽകി ആമസോൺ ഇന്ത്യ

**കൊച്ചി:** പ്രാദേശിക കൈത്തറിയുടെ വളർച്ചയ്ക്കും സുസ്ഥിര ഫാഷൻ സങ്കൽപ്പങ്ങൾക്കും പ്രത്യേക പ്രാധാന്യം നൽകി ആമസോൺ ഇന്ത്യയുടെ ദേശീയ കൈത്തറി ദിനാഘോഷം. വ്യാപാരികൾക്ക് വേണ്ടിയുള്ള ആമസോൺ ഇന്ത്യയുടെ മുഖ്യ പരിപാടികളിൽ ഒന്നായ ആമസോൺ കരിഗറിൻറെ ഭാഗമായി സംഘടിപ്പിക്കുന്ന കൈത്തറി ദിനാഘോഷത്തിൽ കൈത്തറി വ്യവസായത്തിൻറെ വർദ്ധിച്ചുവരുന്ന പ്രാധാന്യത്തിൻറെ ബോധവത്ക്കരണം, രാജ്യമാകെയുള്ള കൈത്തറി ഉത്പന്നങ്ങളുടെ പ്രദർശനം, പ്രാന്തവത്ക്കരിക്കപ്പെട്ട നെയ്ത്ത് തൊഴിലാളികളുടെ സാമ്പത്തിക ഉന്നമനം എന്നിവയാണ് ലക്ഷ്യമിടുന്നത്. രാജ്യത്തെ 25 സംസ്ഥാനങ്ങളിൽ നിന്നുള്ള 1.5 ലക്ഷം ഉത്പന്നങ്ങൾ ഉപഭോക്താക്കൾക്ക് വാങ്ങിക്കാൻ ഈ പരിപാടി അവസരമൊരുക്കും. ബിശ്വ ബംഗ്ല, പന്തോയിബി, ഗർവി ഗുജറാത്ത്, ഹൗസ് ഓഫ് ഹിമാലയാസ് തുടങ്ങി 35ൽ പരം സംസ്ഥാന എംപോറിയങ്ങളിൽ നിന്നുള്ള വിവിധതരം ഉത്പന്നങ്ങളും കൈത്തറി ദിനാഘോഷത്തിൻറെ ഭാഗമായി ആമസോൺ ഇന്ത്യ അവതരിപ്പിക്കുന്നുണ്ട്. 18 ലക്ഷത്തോളം വരുന്ന കരകൗശല കലാകാരൻമാരുടെ ജീവിതത്തെ മുന്നോട്ടുകൊണ്ടുപോകാൻ സഹായിക്കുന്ന ആമസോൺ കരിഗർ പരിപാടിയിലൂടെ കൈ കൊണ്ടുണ്ടാക്കിയ 2 ലക്ഷം ഉത്പന്നങ്ങൾ ലഭ്യമാകും. ഇതിൽ കലാമേന്മയും ഗുണനിലവാരവും കൊണ്ട് അപൂർവ്വമായ 470ൽ അധികം ഉത്പന്നങ്ങൾ ഉൾപ്പെടും. 2500ൽ അധികം പ്രമുഖ നെയ്ത്തുകാർ, സഹകരണ സംഘങ്ങൾ, കരകൗശല വിദഗ്ധർ, സർക്കാർ സ്ഥാപനങ്ങൾ, ടെക്സ്റ്റൈൽസ്, കൊട്ടേജ് ഇൻഡസ്ട്രീസ്, ട്രൈബൽ വെൽഫെയർ തുടങ്ങി വിവിധ മന്ത്രാലയങ്ങൾ എന്നിവയെ ഓൺലൈനായി അണിനിരത്തിക്കൊണ്ടാണ് ആമസോൺ കരിഗർ പരിപാടി നടപ്പിലാക്കുന്നത്.കരകൗശല തൊഴിലാളികളുടെയും നെയ്ത്തുകാരുടെയും സമൂഹങ്ങളെ ഇകൊമേഴ്സ് ഉപയോഗിച്ച് ശാക്തീകരിക്കുന്നതിനും അവരുടെ ബിസിനസ്സ് കെട്ടിപ്പടുക്കുന്നതിനും വിപുലമായ അവരുടെ ഉൽപ്പന്നങ്ങളുടെ സുസ്ഥിരമായ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും തങ്ങൾ പ്രതിജ്ഞാബദ്ധരാണ് ആമസോൺ ഇന്ത്യ സെയിൽസ് ഡയറക്ടർ ഗൗരവ് ഭട്നാഗർ പറഞ്ഞു.

## പുതിയ ബ്രാൻഡ് ക്യാംപയിനുമായി എസ്സിലോർ



**കൊച്ചി:** പ്രിസ്ക്രിപ്ഷൻ ലെൻസുകളിലെ മുൻനിര ബ്രാൻഡായ എസ്സിലോർ, ഇന്ത്യൻ ബ്രാൻഡ് അംബാസഡർ വിരാട് കോഹ്ലിയെ അവതരിപ്പിക്കുന്ന അവരുടെ പുതിയ കാമ്പെയ്ൻ ആരംഭിച്ചു. കാമ്പെയ്നിന്റെ ആദ്യ ഘട്ടം ഡിജിറ്റൽ ഉപകരണങ്ങളുമായി ദീർഘനേരം എക്സ്പോഷർ ചെയ്യുന്ന ആളുകൾക്കായി എസ്സിലോറിൽ നിന്നുള്ള സിംഗിൾ വിഷൻ ലെൻസായ ഐസെൻ സ്പോട്ട്ലൈറ്റ് ചെയ്യുന്നു. ആഗോള കായിക ഐക്കണായ വിരാട് കോഹ്ലിയുമായി പങ്കാളിത്തം തുടരുന്നതിലും തങ്ങളുടെ ഉപഭോക്താക്കൾക്കായി പുതിയതും ആവേശകരവുമായ ഒരു അധ്യായം അനാവരണം ചെയ്യുന്നതിൽ സന്തുഷ്ടരാണെന്നും എസ്സിലോർ ലക്സോട്ടിക്ക സൗത്ത് ഏഷ്യ പ്രസിഡന്റ് നരസിംഹൻ നാരായണൻ അഭിപ്രായപ്പെട്ടു.

# ഐഎൻഎഎസ്എൽ 2024: വാർഷിക ശാസ്ത്രസമ്മേളനത്തിന് ഇന്ന് തുടക്കം

**കൊച്ചി:** ഇന്ത്യൻ നാഷണൽ അസോസിയേഷൻ ഫോർ ദി സ്റ്റഡി ഓഫ് ലിവറിന്റെ മുപ്പത്തിരണ്ടാം വാർഷിക ശാസ്ത്രസമ്മേളനത്തിന് കൊച്ചിയിൽ ഇന്ന് തുടക്കം. 'കരൾരോഗശാസ്ത്രത്തിന്റെ ഭാവി രൂപപ്പെടുത്തുന്നു' എന്ന പ്രമേയത്തിൽ 10 വരെ ലെ മെരിഡിയനിലാണ് പരിപാടി സംഘടിപ്പിക്കുന്നത്. ദേശീയ അന്തർദേശീയതലത്തിൽ നിന്നുള്ള വിദഗ്ദരായ ഇരുന്നൂറോളം പാനൽ അംഗങ്ങളും 1500ലധികം കരൾരോഗ ചികിത്സയിലെ പ്രതിനിധികളും, 420 ഓളം പ്രബന്ധാവതരണങ്ങളും ഉണ്ടാകുമെന്നാണ് കണക്കാക്കുന്നത്. ആദ്യമായി ഐ.എൻ.എ.എസ്.എലിന് വേദിയാകുന്നതിലൂടെ കേരളത്തിലെ കരൾരോഗ ചികിത്സാ രംഗത്തും വലിയ മുന്നേറ്റമാണ് പ്രതീക്ഷിക്കുന്നത്. സമ്മേളനത്തോടനുബന്ധിച്ച് കരൾ രോഗങ്ങൾ പ്രതിരോധിക്കുന്നതിനുള്ള ഒരു സാമൂഹികപദ്ധതിയെന്ന നിലയിൽ 'വെൽകോൺ' എന്ന പ്രത്യേക കൺവെൻഷനും പൊതുജനങ്ങൾക്കായി സൗജന്യമായി നടക്കുന്നുണ്ട്.പ്രവചിക്കാവുന്നതും പ്രതിരോധിക്കാവുന്നതുമായ കരൾ രോഗങ്ങൾ, കരൾ മാറ്റിവെയ്ക്കൽ, മദ്യപാനവുമായി ബന്ധപ്പെട്ട കരൾ രോഗങ്ങൾ, വൈറൽ ഹെപ്പറ്റൈറ്റിസ്, കരൾ രോഗങ്ങൾ കാരണം ദഹനപ്രക്രിയയിലുണ്ടാകുന്ന തകരാറുകൾ, വൃക്കകൾക്കുണ്ടാകുന്ന ഗുരുതര പ്രശ്നങ്ങൾ, വൃക്കകളുടെ പ്രവർത്തനം നിലയ്ക്കുന്ന സാഹചര്യം, ഓട്ടോഇമ്മ്യൂൺ കരൾ രോഗങ്ങൾ എന്നിങ്ങനെ സുപ്രധാനമായ നിരവധി വിഷയങ്ങൾ സമ്മേളനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കരൾരോഗ ചികിത്സയിലെ ഓരോ രോഗസാഹചര്യങ്ങളും പ്രത്യേകം പരിശോധിച്ചുള്ള ചർച്ചകളും ചികിത്സയിലെ അത്യാധുനിക കണ്ടുപിടുത്തങ്ങളും പ്രധാന വിഷയമാണ്.ഇന്ത്യൻ സൊസൈറ്റി ഓഫ് ഗ്യാസ്ട്രോഎന്ററോളജിയുടെ കേരള ചാപ്റ്റർ, കൊച്ചിൻ ഗട്ട് ക്ലബ്, കൊച്ചിൻ ലിവർ ക്ലബ്, കൊച്ചി ലിവർ ട്രാൻസ്പ്ലാന്റേഷൻ സൊസൈറ്റി എന്നിവർ സംയുക്തമായാണ് ഐ.എൻ.എ.എസ്.എൽ 2024 സംഘടിപ്പിക്കുന്നത്.

# ആമസോണിൽ ആഗസ്ത് 11 വരെ ഗ്രേറ്റ് ഫ്രീഡം ഫെസ്റ്റിവൽ

**കൊച്ചി:** മികച്ച ഓഫറുകളുമായി ആമസോണിൽ ആഗസ്ത് 11 വരെ ഗ്രേറ്റ് ഫ്രീഡം ഫെസ്റ്റിവൽ. കരകൗശല വിദഗ്ധർ, നെയ്ത്തുകാർ, വനിതാ സംരംഭകർ, സ്റ്റാർട്ടപ്പുകൾ, പ്രാദേശിക സ്റ്റോറുകൾ എന്നിവയുൾപ്പെടെ വിവിധ വിൽപ്പനക്കാരിൽ നിന്നുള്ള ദശലക്ഷക്കണക്കിന് ഉൽപ്പന്നങ്ങളിൽ ഓഫറുകൾ ലഭിക്കും. പലചരക്ക്, ഫാഷൻ, ബ്യൂട്ടി വസ്തുക്കൾ, സ്മാർട്ട്ഫോണുകൾ, ഇലക്ട്രോണിക്സ്, അടുക്കളഉപഹോപകരണങ്ങൾ തുടങ്ങിയ വിഭാഗങ്ങളിൽ ഡീലുകൾ ലഭ്യമാണ്.

ലാപ്ടോപ്പുകൾ, സ്മാർട്ട് വാച്ചുകൾ മറ്റ് ഇലക്ട്രോണിക് ഉപകരണങ്ങളിൽ 75% വരെ, വാഷിംഗ് മെഷീനുകൾക്കും റഫ്രിജറേറ്ററുകൾക്കും 65% വരെ, സാംസങ്, സോണി, എൽജി, റെഡ്മി തുടങ്ങിയ ബ്രാൻഡ് ടെലിവിഷനുകളിൽ 65% വരെ കിഴിവ് എന്നിവയുണ്ട്. ഹാവെൽസ്, ബജാജ്, പ്രസ്റ്റീജ് തുടങ്ങിയ ബ്രാൻഡുകളിൽ നിന്നുള്ള അടുക്കള, വീട്ടുപകരണങ്ങൾക്കും കുറഞ്ഞത് 50% കിഴിവ്, ആമസോൺ ഫാഷൻ, ബ്യൂട്ടി ഉൽപ്പന്നങ്ങൾക്ക് 80% വരെ കിഴിവ് തുടങ്ങിയ 1,000ലധികം ഡീലുകളുമുണ്ട്. ഒപ്പം, 12 മാസം വരെ നോകോസ്റ്റ് ഇഎംഐയും, ആമസോൺ ഫ്രഷ് വഴിയുള്ള ഗ്രോസറി ഡെലിവറിയിൽ 50% വരെ ലാഭം, 30 ലക്ഷത്തിലധികം ദൈനംദിന അവശ്യവസ്തുക്കളിൽ 60% വരെ കിഴിവ് എന്നിവയും ഉൾപ്പെടുന്നു.

# കത്തോലിക്കാസഭ 100 വീടുകൾ നിർമ്മിച്ചുനൽകും: കെസിബിസി

**കൊച്ചി:** വയനാട്ടിൽ ചൂരൽമലയിലും മുണ്ടക്കൈയിലും കോഴിക്കോട് വിലങ്ങാട് പ്രദേശങ്ങളിലും ഉണ്ടായ ഉരുൾപൊട്ടലിൽ വീടുകൾ നഷ്ടപ്പെട്ടവർക്ക് കേരള കത്തോലിക്കസഭയുടെ നേതൃത്വത്തിൽ 100 വീടുകൾ നിർമ്മിച്ചു നൽകാൻ കേരള കത്തോലിക്കാമെത്രാൻസമിതി (കെസിബിസി) കാക്കനാട് മൗണ്ട് സെന്റ് തോമ സിൽ പ്രസിഡന്റ് കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവായുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചു. കേരള കത്തോലിക്കാസഭയിലെ എല്ലാ രൂപതകളും സന്യാസമൂഹങ്ങളും സഭാസ്ഥാപനങ്ങളും വ്യക്തികളും സംവിധാനങ്ങളും സംയുക്തമായിട്ടാണ് ദുരന്തനിവാരണ പദ്ധതിയിൽ പ്രവർത്തിക്കുന്നത്.ആദ്യഘട്ടത്തിൽ, വയനാട്ടിലും വിലങ്ങാട് പ്രദേശത്തും സ്ഥലവും വീടും വീട്ടുപകരണങ്ങളും നഷ്ടപ്പെട്ട 100 കുടുംബങ്ങൾക്ക് സർക്കാർ നിർദ്ദേശിക്കുന്ന സ്ഥലത്ത് വീടുകൾ നിർമ്മിച്ചു നൽകുന്നതാണ്. ഈ വീടുകൾക്ക് ആവശ്യമായവീട്ടുപകരണങ്ങൾ ലഭ്യമാക്കുന്നതുമാണ്.സഭയുടെ ആശുപത്രികളിൽ സേവനംചെയ്യുന്ന വിദഗ്ധരായ ഡോക്ടർമാരുടെയും മെഡിക്കൽ സംഘത്തിന്റെയുംസേവനം ആവശ്യപ്രകാരം ലഭ്യമാക്കുന്നതാണ്.സഭ ഇതിനോടകം നൽകിവരുന്ന ട്രൗമാ കൗൺസിലിംഗ് സേവനം തുടരുന്നതാണ്.കേരള കത്തോലിക്കാസഭയുടെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ സഭയുടെ സാമൂഹ്യ സേവന വിഭാഗമായ കേരള സോഷ്യൽ സർവീസ് ഫോറത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കെസിബിസിയുടെ ജസ്റ്റിസ് പീസ് ആൻഡ് ഡെ വലപ്മെന്റ് കമ്മീഷന്റെ കീഴിലാണ് പ്രസ്തുത സേവനവിഭാഗംപ്രവർത്തിക്കുന്നത്.ഈ പ്രവർത്തനങ്ങളെല്ലാം കേരള സർക്കാരിന്റെ ഡിസാസ്റ്റർ മാനേജ്മെന്റ് വിഭാഗത്തിന്റെ നിർദേശങ്ങൾക്കനുസരിച്ച് സഭയുടെ നേതൃത്വത്തിലായിരിക്കും നടപ്പിലാക്കുന്നത്.കെ.സി.ബി.സി യോഗത്തിൽ സീറോ മലബാർ സഭ അധ്യക്ഷൻ അഭിവന്ദ്യ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ, കേരള റീജണൽ ലാറ്റിൻ കത്തോലിക്ക ബിഷപ്പ്സ് കൗൺസിൽ പ്രസിഡന്റ് ഡോക്ടർ വർഗീസ് ചക്കാലക്കൽ എന്നിവരുൾപ്പെടെ 36 മെത്രാന്മാർ സംബന്ധിച്ചു.

## ബ്രീത് ഫ്രീ യാത്ര തുടങ്ങി

**കൊച്ചി :** സിപ്ല ലിമിറ്റഡ് പേഷ്യന്റ് ഔട്ട് റീച്ച് സംരംഭമായ ബ്രീത്ത് ഫ്രീ യാത്ര ഫ്ളാഗ് ഓഫ് ചെയ്തു. ആസ്തമ പോലുള്ള വിട്ടുമാറാത്ത ശ്വാസകോശ സംബന്ധമായ അസുഖങ്ങൾ തിരിച്ചറിയാൻ സഹായിക്കുകയാണ് യാത്രയുടെ ലക്ഷ്യം. മൂന്ന് മാസത്തിനുള്ളിൽ, രാജ്യത്തുടനീളം 4,000 ത്തിലധികം ക്യാമ്പുകൾ സംഘടിപ്പിക്കുകയും 350,000ത്തിലധികം ആളുകളെ പരിശോധിക്കുകയും ചെയ്യും. ഡോ. അഖിലേഷ് കെ. പൾമണോളജിസ്റ്റും റെസ്പിറേറ്ററി മെഡിസിൻ പ്രൊഫസറുടെ അഭിപ്രായപ്രകാരം 'ആസ്തമ പോലുള്ള ശ്വാസകോശ സംബന്ധമായ അസുഖങ്ങൾ മാറ്റാനാവാത്തതാണെങ്കിലും, നേരത്തെയുള്ള രോഗനിർണയത്തിലൂടെയും സമയബന്ധിതമായ മെഡിക്കൽ ഇടപെടലിലൂടെയും രോഗാവസ്ഥയിൽ നിയന്ത്രണം നേടാനും സാധാരണ ജീവിതം നയിക്കാനും സാധ്യമാണ്.

## ഐകൂ ഇസെഡ് 9എസ് പ്രൊ 5ജി , ഐകൂ ഇസെഡ് 9 എസ് 5ജി ഓഗസ്റ്റ് 21ന് ഇന്ത്യയിൽ

**കൊച്ചി:** ഐകൂ അതിന്റെ മിഡ് റേഞ്ച് സ്മാർട്ട്ഫോൺ ഐകൂ ഇസെഡ് 9എസ് സീരീസ്, ഐകൂ ഇസെഡ് 9എസ് പ്രൊ, എന്നിവ 2024 ഓഗസ്റ്റ് 21ന് അവതരിപ്പിക്കുന്നു. ഐകൂ ഇസെഡ് 9എസ് പ്രൊ , 5ജി സ്നാപ്ഡ്രാഗൺ 7 ജെൻ 3 പ്രോസസറാണ് നൽകുന്നത് ഐകൂ ഇസെഡ് 9 എസ് സീരീസ്, 5ജി മീഡിയ ടെക് 7300 ആണ് നൽകുന്നത്.

രണ്ട് ഉപകരണങ്ങളും ഒപ്റ്റിക്കൽ ഇമേജ് സ്റ്റേബിലൈസേഷനോടുകൂടിയ 50 എംപി സോണി ഐഎംഎക്സ്882 സെൻസറും , ഓഐഎസ് ഉള്ള 4കെ വീഡിയോ റെക്കോർഡിംഗും സൂപ്പർ നൈറ്റ് മോഡും അവതരിപ്പിക്കുന്നു.

ഐകൂ ഇസെഡ് 9എസ്, ഇസെഡ് 9എസ് പ്രൊ 5ഏൽ 8 എംപി അൾട്രാവൈഡ് ലെൻസും ഉൾപ്പെടുന്നു, വിശാലമായ കാഴ്ചപ്പാടോടെ ക്രിയേറ്റീവ് സാധ്യതകൾ വികസിപ്പിക്കുന്നു. ഈ ക്യാമറ സവിശേഷതകൾ അസാധാരണമായ ഫോട്ടോയും വീഡിയോയും നൽകുന്നു.

## മാനസികാരോഗ്യം ഉറപ്പാക്കാൻ മൊബൈൽ മെന്റൽ ഹെൽത്ത് യൂണിറ്റും: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** വയനാട് ഉരുൾപൊട്ടലിന്റെ സാഹചര്യത്തിൽ മാനസികാരോഗ്യം ഉറപ്പാക്കാനായി മൊബൈൽ മെന്റൽ ഹെൽത്ത് യൂണിറ്റ് സജ്ജമാക്കിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. മാനസികാരോഗ്യ പിന്തുണയ്ക്കായി ഗ്രൂപ്പ് കൗൺസിലിംഗും വ്യക്തിഗത കൗൺസിലിംഗും നൽകുന്നുണ്ട്. മാനസികാരോഗ്യം ഉറപ്പാക്കാനായി മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരുടെ സേവനം കൂടി ലഭ്യമാക്കിയിട്ടുണ്ട്. സ്റ്റേറ്റ് മെന്റൽ ഹെൽത്ത് നോഡൽ ഓഫീസർ വയനാട്ടിലെത്തി പ്രവർത്തനങ്ങൾ നേരിട്ട് ഏകോപിക്കുന്നതാണ്. ദുരന്തമുഖത്ത് സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ മാനസിക സംഘർഷം കുറയ്ക്കാൻ നടപടി സ്വീകരിക്കാൻ നിർദേശം നൽകി. ക്യാമ്പിലുള്ളവരുടെ മാനസിക പിന്തുണയ്ക്കായി രാത്രിയിൽ കൂടി കൗൺസിലർമാരുടെ സേവനം നൽകാൻ മന്ത്രി നിർദേശം നൽകി. ഉരുൾപൊട്ടലിന്റെ സാഹചര്യത്തിൽ നടന്ന അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

വിദഗ്ധ ചികിത്സയ്ക്കായി സൂപ്പർ സ്പെഷ്യാലിറ്റി ടെലി കൺസൾട്ടേഷൻ സേവനവും ലഭ്യമാക്കും. ക്യാമ്പുകളിലുള്ളവർക്കും ദുരന്ത സ്ഥലത്ത് വീടുകളിൽ താമസിക്കുന്നവർക്കും ഈ സേവനം ലഭ്യമാക്കും. ഇതിനായി ക്യാമ്പുകളിൽ പ്രത്യേക സൗകര്യമൊരുക്കും. കാഴ്ചയ്ക്ക് പ്രശ്നമുള്ളവർക്ക് പരിശോധന നടത്തി ചികിത്സ ഉറപ്പാക്കി കണ്ണടകൾ വിതരണം ചെയ്തു വരുന്നു. ഫീൽഡുതല പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനായി 4 ജെപിഎച്ച്എൻമാരെ ജനകീയ ആരോഗ്യ കേന്ദ്രത്തിലേക്ക് നിയോഗിക്കുന്നതാണ്. വയനാട്ടിലുള്ള വിരമിച്ച ജീവനക്കാരെക്കൂടി ഫീൽഡ്തല പ്രവർത്തനങ്ങൾക്ക് നിയോഗിക്കുന്നതാണ്. ആരോഗ്യ വകുപ്പിന്റെ അംഗീകാരമില്ലാതെ ആരുംതന്നെ ക്യാമ്പുകളിൽ കയറി കൗൺസിലിംഗ് നൽകരുതെന്ന് മന്ത്രി കർശന നിർദേശം നൽകി.



സൊസൈറ്റി ടുഡേ
SOCIETY TODAY

## എ പി ജെ അബ്ദുൽ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാല പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകളിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു

**തിരുവനന്തപുരം:** സാങ്കേതിക സർവകലാശാലയുടെ 202425 അധ്യയന വർഷത്തെ എം ടെക് കോഴ്സുകളിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചു. 2014ൽ സ്ഥാപിതമായ സർവകലാശാല ഈ വർഷം മുതലാണ് സ്വന്തമായ പഠന സ്കൂളുകൾ ആരംഭിക്കുന്നത്. അപേക്ഷകൾ ഓഗസ്റ്റ് 20 വരെ സ്വീകരിക്കും.

നാല് പഠന വകുപ്പുകളാണ് ഈ വർഷം മുതൽ സർവകലാശാല ആരംഭിക്കുന്നത്. സ്കൂൾ ഓഫ് എലക്ട്രിക്കൽ സയൻസസ് ആൻഡ് ടെക്നോളജി, സ്കൂൾ ഓഫ് കമ്മ്യൂണിക്കേഷൻ സയൻസസ് ആൻഡ് ടെക്നോളജി, സ്കൂൾ ഓഫ് ബിൽഡിംഗ് സയൻസസ് ആൻഡ് ടെക്നോളജി, സ്കൂൾ ഓഫ് മെക്കാനിക്കൽ സയൻസസ് ആൻഡ് ടെക്നോളജി എന്നിവയാണ് ഈ നാല് സ്കൂളുകൾ.

വെഹിക്കിൾ ടെക്നോളജി, എംബെഡഡ് സിസ്റ്റംസ് ടെക്നോളജി, ഇൻഫ്രാസ്റ്റക്ച്ചർ എൻജിനീയറിംഗ് ആൻഡ് മാനേജ്മെന്റ്, മെക്കാനിക്കൽ ആൻഡ് മെറ്റീരിയൽസ് ടെക്നോളജി എന്നിവയിലാണ് ഈ വർഷം മുതൽ എൻജിനീയറിംഗ് വിദ്യാർത്ഥികൾക്ക് സാങ്കേതിക സർവകലാശാലയിൽ ഉപരിപഠനം സാധ്യമാകുന്നത്.

വ്യാവസായികഅക്കാദമിക സഖ്യത്തിലൂന്നിയുള്ള പാഠ്യപദ്ധതി, ഗവേഷണാനന്തര ഉൽപ്പന്നങ്ങളെ വാണിജ്യവൽക്കരിക്കാൻ വിദ്യാർത്ഥികളെ സഹായിക്കുക, പ്രോജക്റ്റ് അധിഷ്ഠിത പഠനം, ലാബുകളിലും കമ്പനികളിലും ഇന്റേൺഷിപ്പുകൾ എന്നിവയാണ് ഈ എം ടെക് കോഴ്സുകളുടെ പ്രത്യേകതകൾ.

എ ഐ സി ടി ഇയുടെ അംഗീകാരം ലഭിച്ച കോഴ്സുകളിൽ 18 പേർക്ക് വീതമാകും ഓരോ കോഴ്സുകളിലും അഡ്മിഷൻ ലഭിക്കുക. ഗേറ്റ് സ്കോറിന്റെ അടിസ്ഥാനത്തിലാകും റാങ്ക് ലിസ്റ്റ് തയ്യാറാകുക. ഉയർന്ന ഗേറ്റ് സ്കോർ ഉള്ളവർക്ക് എ ഐ സി ടി ഇ യുടെ മാനദണ്ഡങ്ങൾ അനുസരിച്ച് ഗേറ്റ് സ്കോളർഷിപ്പ് ലഭിക്കാൻ അർഹതയുണ്ട്. മതിയായ ഗേറ്റ് സ്കോർ ഉള്ള അപേക്ഷകരുടെ അഭാവത്തിൽ സർവകലാശാല നടത്തുന്ന എൻട്രൻസ് ടെസ്റ്റ്/ഇന്റർവ്യൂ വഴിയാകും അഡ്മിഷൻ നൽകുക.

എല്ലാ കോഴ്സുകളിലും ഒരു സീറ്റ് കേന്ദ്ര/സംസ്ഥാന പ്രൈവറ്റ് ലിമിറ്റഡ് കമ്പനികളിലോ പബ്ലിക് ലിമിറ്റഡ് കമ്പനികളിലോ, എം എസ് എം ഇ കളിലോ ജോലി ചെയ്യുന്നവർക്കായി മാറ്റിവച്ചിട്ടുണ്ട്.

ഓൺലൈനായി അപേക്ഷ അയക്കുന്നതിനും അഡ്മിഷൻ, യോഗ്യത, എന്നിവ അറിയുന്നതിനും www.pgadmission.ktu.edu.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

# റോൾസ് റോയ്സ് ലക്ഷ്വറി ഇലക്ട്രിക് കാർ സ്പെക്ടർ പ്രദർശനത്തിനെത്തി




**കൊച്ചി:** അത്യാഡംബര കാർ നിർമാതാക്കളായ റോൾസ് റോയ്സിന്റെ ആദ്യ ഓൾ ഇലക്ട്രിക് കാർ സ്പെക്ടർ പ്രദർശനത്തിനായി സംസ്ഥാനത്തെത്തി. ചെന്നൈയിൽ നിന്നും കുൻ എക്സ്ക്ലൂസീവാണ് ചാക്കോളാസ് പവിലിയനിൽ നടന്ന പ്രിവ്യൂ ഷോയിൽ വാഹനം അവതരിപ്പിച്ചത്. ലോകത്തിലെ ആദ്യത്തെ അൾട്രാ ലക്ഷ്വറി ഇലക്ട്രിക് കാർ റോൾസ് റോയ്സ് സ്പെക്ടർ നിരത്തിലിറങ്ങുമ്പോൾ സഹസ്ഥാപകനായ ചാൾസ് സ്റ്റുവർട്ട് റോൾസിന്റെ സ്വപ്നങ്ങൾക്ക് ഒരു നൂറ്റാണ്ടിനിപ്പുറം നിറം പകരുകയാണ് റോൾസ് റോയ്സ്.ഇരുപതാം നൂറ്റണ്ടിന്റെ തുടക്കത്തിൽ ഇലക്ട്രിക് കാറുകൾ റോഡുകളിൽ ആധിപത്യം സ്ഥാപിക്കുന്ന ഒരു ലോകം വിഭാവനം ചെയ്ത വ്യക്തിയാണ് ചാൾസ് സ്റ്റുവർട്ട് റോൾസ്.

രണ്ട് വാതിലുകളോടുകൂടിയ കൂപ്പെ മോഡലിലുള്ള സ്പെക്ടർ റോൾസിന്റെ സെഡാൻ മോഡലായ ഫാന്റത്തിന്റെ പിൻഗാമിയാണ്.5.45 മീറ്റർ നീളവും 2 മീറ്ററിലധികം വീതിയുമുള്ള സ്പെക്ടറിൽ നീളമുള്ള ബോണറ്റ്, ഫാസ്റ്റ്ബാക്ക് ടെയിൽ എന്നിവ സമ്മേളിച്ച് ആധുനിക ആഡംബര നൗകകളുടെ പ്രതീതിയാണുണ്ടാക്കുന്നത്. ഇതുവരെ മേൽക്കൂരയിൽ മാത്രം നൽകിയിരുന്ന സ്റ്റാർലൈറ്റ് ലൈനർ സ്പെക്ടറുടെ ഡോർ പാഡുകളിലുമുണ്ട്. ഡാഷ്ബോർഡ് പാനലിൽ നക്ഷത്ര ഇല്ല്യൂമിനേഷനിൽ 'സ്പെക്ടർ' എന്ന് കാണാം. വാഹനത്തിന്റെ സീറ്റുകൾ പുതുമയേറിയതാണ്. ഇന്റീരിയറിന്റെ സ്റ്റിച്ചിങ്, എംബ്രോയ്ഡറി ഉൾപ്പടെ എല്ലാം വിസ്മയ കാഴ്ച്ച ഒരുക്കുന്നുണ്ട്. എല്ലാ റോൾസ്റോയ്സ് കാറുകളിലെയും പോലെ, സ്പെക്ടർ ഉപഭോക്താക്കൾക്ക് അനന്തമായ കസ്റ്റമൈസേഷൻ ഓപ്ഷനുകളും വാഗ്ദാനം ചെയ്യുന്നുണ്ട്. റോൾസ് റോയ്സിന്റെ സ്വന്തം സോഫ്റ്റ്‌വെയർ പ്ലാറ്റ്ഫോമായ 'സ്പിരിറ്റ്' ആണ് സ്പെക്ടറിലുള്ളത്. കണക്റ്റഡ് കാർ സാങ്കേതികവിദ്യയിലൂടെകാറിന്റെ എല്ലാ പ്രവർത്തനങ്ങളെയും ഈ പുതിയ ഡിജിറ്റൽ ഇന്റർഫേസ് നിയന്ത്രിക്കും. ഇലക്ട്രിക്ക് കാറുകളുടെ ഭാവിയുടെ ചൂണ്ടുപലക കൂടിയാണ് റോൾസിന്റെ സ്പെക്ടർ. മുന്നിലും പിന്നിലുമായി രണ്ട് സിൻക്രണസ് ഇലക്ട്രിക് മോട്ടോറുകൾ വഴി സ്പെക്ടർ ഉത്പാദിപ്പിക്കുന്ന സംയോജിത ഊർജ്ജം മറ്റ് റോൾസ് റോയ്സ് ഭീമൻമാർക്ക് തുല്യമായി 584 കുതിരശക്തിയും 900 എൻഎം ടോർക്കും നൽകി പൂജ്യത്തിൽ നിന്ന് നൂറ് കിലോമീറ്റർ വേഗതയിലേക്ക് എത്താനായി 4.5 സെക്കൻറുകൾ മാത്രമാണ് എടുക്കുക.2.5 ദശലക്ഷം കിലോമീറ്റർ പരീക്ഷണ ഓട്ടത്തിനുശേഷമാണ് ഇത് നിരത്തിലെത്തുന്നത്. 2030ഓടെ ഓൾഇലക്ട്രിക് ബ്രാൻഡായി മാറുക എന്ന റോൾസിന്റെ ലക്ഷ്യത്തിലേക്കുള്ള ആദ്യ ചുവടുവയ്പ്പാണിത്.

# സ്കൂട്ടുമായി ചേർന്ന് വെർച്ചൽ ഇന്റർലൈൻ ആരംഭിച്ച് എയർ ഇന്ത്യ എക്സ്പ്രസ്

**കൊച്ചി:** വിമാന യാത്രക്കാർക്ക് കൂടുതൽ സർവീസുകളും ബുക്കിംഗ് സൗകര്യങ്ങളും നൽകുന്ന രാജ്യത്തെ ആദ്യ വെർചൽ ഇന്റർലൈൻ എഐഎക്സ് കണക്ട് അവതരിപ്പിച്ച് എയർ ഇന്ത്യ എക്സ്പ്രസ്. സിംഗപ്പൂർ ആസ്ഥാനമായുള്ള സ്കൂട്ട് എയർലൈനുമായി ചേർന്നാണ് വെർചൽ ഇൻറർലൈൻ സംവിധാനം ഒരുക്കുന്നത്. ഇതോടെ രണ്ട് വ്യത്യസ്ഥ വിമാന കമ്പനികൾ പ്രവർത്തിപ്പിക്കുന്ന ഫ്ളൈറ്റുകൾ എയർ ഇന്ത്യ എക്സ്പ്രസ് airindiexpress.com വെബ്സൈറ്റിൽ നിന്നും അനായാസം ബുക്ക് ചെയ്യാം. യാത്രയുടെ ഒരു ഘട്ടം എയർ ഇന്ത്യ എക്സ്പ്രസിലും അടുത്ത ഘട്ടം പങ്കാളിത്ത എയർലൈനായ സ്കൂട്ട് എയർലൈൻ പ്രവർത്തിപ്പിക്കുന്ന കണക്റ്റിംഗ് ഫ്ലൈറ്റിലുമായി ബുക്ക് ചെയ്യാനാകും. വെർചൽ ഇൻറർലൈൻ സൗകര്യം ലഭ്യമാക്കുന്ന ആദ്യ ഇന്ത്യൻ എയർലൈനാണ് എയർ ഇന്ത്യ എക്സ്പ്രസ്.

ട്രാവൽ സൊല്യൂഷൻസ് ടെക്നോളജി കമ്പനിയായ ഡോഹോപ്പുമായി സഹകരിച്ചാണ് വെർചൽ ഇൻറർലൈനായ എഐഎക്സ് കണക്ട് വികസിപ്പിച്ചിട്ടുള്ളത്. സ്കൂട്ട് എയർലൈനുമായുള്ള ഈ സഹകരണത്തോടെ ഇന്ത്യയിൽ നിന്നും ഓസ്ട്രേലിയ, ചൈന, ഇന്തോനേഷ്യ, ജപ്പാൻ, ലാവോസ്, മലേഷ്യ, ഫിലിപ്പീൻസ്, റിപ്പബ്ലിക് ഓഫ് കൊറിയ, സിംഗപ്പൂർ, തായ്‌ലൻഡ്, വിയറ്റ്നാം തുടങ്ങി 60 ഓളം സ്ഥലങ്ങളിലേക്ക് ടിക്കറ്റുകൾ ബുക്ക് ചെയ്യാൻ സാധിക്കും. 32 ആഭ്യന്തര കേന്ദ്രങ്ങളിലേക്കും 14 അന്താരാഷ്ട്ര കേന്ദ്രങ്ങളിലേക്കുമായി പ്രതിദിനം 380 വിമാന സർവീസുകളുള്ള എയർ ഇന്ത്യ എക്സ്പ്രസ് ശൃംഖലയെ ഈ പുതിയ പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തും. ചെന്നൈ, തിരുച്ചിറപ്പള്ളി തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും ബാലി, ഹോ ചി മിൻ സിറ്റി, ഹോങ്കോംഗ്, ഇഞ്ചിയോൺ, മെൽബൺ, പെനാങ്, ഫൂക്കറ്റ്, സിഡ്നി എന്നിവിടങ്ങളിലേക്കോ ദോഹ, ദുബായ്, കുവൈറ്റ്, മസ്കറ്റ് എന്നിവിടങ്ങളിൽ നിന്നും ഇന്ത്യ വഴി സിംഗപ്പൂരിലേക്കോ ഇനി മുതൽ അനായാസം വിമാന ടിക്കറ്റുകൾ ബുക്ക് ചെയ്യാം.എയർ ഇന്ത്യ എക്സ്പ്രസിൻറെ വിപുലീകരണത്തിൻറെ ഭാഗമായി വിവിധ അന്താരാഷ്ട്ര എയർലൈനുകളുമായി ചേർന്ന് കൂടുതൽ സ്ഥലങ്ങളിലേക്ക് ഈ പങ്കാളിത്തം വ്യാപിപ്പിക്കും. ഇന്ത്യയിലേക്ക് കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കാനും ഇതിലൂടെ സാധിക്കും. എയർ ഇന്ത്യ എക്സ്പ്രസ് വെബ്സൈറ്റിലെ വെർചൽ ഇൻറർലൈൻ വഴി യാത്രാവിവരങ്ങൾ ബുക്ക് ചെയ്യാനും ട്രാൻസിറ്റ് എയർപോർട്ടിൽ സ്വയം ചെക്ക്ഇൻ ചെയ്യാനും സാധിക്കും. ഫ്ലൈറ്റ് താമസിച്ചാലോ റദ്ദാക്കിയാലോ തെറ്റായ കണക്ഷൻ ഫ്ളൈറ്റുകളിൽ നിന്ന് യാത്രക്കാർക്ക് സംരക്ഷണം നൽകാനും വെർചൽ ഇൻറർലൈൻ വഴി സാധിക്കും.ആഭ്യന്തര അന്താരാഷ്ട്ര വിപണികളിലുടനീളം എയർ ഇന്ത്യ എക്സ്പ്രസിൻറെ സാന്നിധ്യം ശക്തിപ്പെടുത്തുന്നതിനും കിഴക്ക് പടിഞ്ഞാറൻ രാജ്യങ്ങളിലേക്ക് തടസ്സങ്ങളില്ലാത്ത കണക്റ്റിവിറ്റി ഉറപ്പാക്കുന്നതിനും പുതിയ ലക്ഷ്യസ്ഥാനങ്ങൾ തുറക്കുന്നതിനുമായി വെർചൽ ഇൻറർലൈൻ പങ്കാളിത്തത്തെ പ്രയോജനപ്പെടുത്തുമെന്ന് എയർ ഇന്ത്യ എക്സ്പ്രസ് ചീഫ് കൊമേഴ്സ്യൽ ഓഫീസർ അങ്കൂർ ഗാർഗ് പറഞ്ഞു. വെർചൽ പ്ലാറ്റ്ഫോമിലൂടെ എയർ ഇന്ത്യ എക്സ്പ്രസിൻറെ ആദ്യ ഇൻറർലൈൻ പങ്കാളിയായതിൽ അഭിമാനമുണ്ടെന്ന് സ്കൂട്ട് എയർലൈൻസ് ചീഫ് കൊമേഴ്സ്യൽ ഓഫീസർ കാൽവിൻ ചാൻ പറഞ്ഞു. ഈ പങ്കാളിത്തത്തിലൂടെ ഇന്ത്യയും സിംഗപ്പൂരും തമ്മിലുള്ള ബന്ധം മെച്ചപ്പെടുകയും ഇന്ത്യൻ യാത്രക്കാർക്ക് സിംഗപ്പൂരിലേക്കും പുറത്തേക്കും യാത്ര ചെയ്യുന്നതിനായി കൂടുതൽ ഫ്ളൈറ്റ് സൗകര്യങ്ങൾ ലഭിക്കുമെന്നും അദ്ദേഹം പറഞ്ഞു.



സൊസൈറ്റി ടുഡേ
SOCIETY TODAY

# അമീബിക്ക് മെനിഞ്ചോ എൻസെഫലൈറ്റിസ്: മുൻകരുതലുകളെടുക്കണം

**തിരുവനന്തപുരം:** തിരുവനന്തപുരത്ത് അമീബിക്ക് മെനിഞ്ചോ എൻസെഫലൈറ്റിസ് (അമീബിക് മസ്തിഷ്ക ജ്വരം) സ്ഥിരീകരിച്ച സാഹചര്യത്തിൽ ശ്രദ്ധിക്കണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. പായൽ പിടിച്ചു കിടക്കുന്നതോ മൃഗങ്ങളെ കുളിപ്പിക്കുന്നതോ ആയ കുളങ്ങളിലെ വെള്ളം ഉപയോഗിക്കുന്നവർ മുൻകരുതലുകളെടുക്കണം. മലിനമായ വെള്ളത്തിൽ കുളിക്കുകയോ മുഖം കഴുകുകയോ ചെയ്യരുത്. ഇത്തരം കുളങ്ങളിൽ കുളിക്കുന്നവർക്ക് തീവ്രമായ തലവേദന, പനി, ഓക്കാനം, ഛർദി, കഴുത്ത് തിരിക്കാൻ ബുദ്ധിമുട്ട് തുടങ്ങിയ രോഗലക്ഷണങ്ങൾ കണ്ടാൽ അത് പറഞ്ഞ് ചികിത്സ തേടേണ്ടതാണ്. അമീബിക്ക് മെനിഞ്ചോ എൻസെഫലൈറ്റിസുമായി ബന്ധപ്പെട്ടുള്ള പ്രതിരോധം, രോഗനിർണയം, ചികിത്സ എന്നിവ സംബന്ധിച്ച സാങ്കേതിക മാർഗരേഖ അടുത്തിടെ രാജ്യത്ത് ആദ്യമായി പുറത്തിറക്കിയിരുന്നു. ഈ മാർഗരേഖ അനുസരിച്ചായിരിക്കും ചികിത്സ. അവബോധം ശക്തമാക്കാനും മന്ത്രി നിർദേശം നൽകി.

വയനാട് ഉരുൾപൊട്ടൽ, അമീബിക്ക് മസ്തിഷ്ക ജ്വരം എന്നിവയുടെ സാഹചര്യത്തിൽ സ്റ്റേറ്റ് ലെവൽ റാപ്പിഡ് റെസ്പോൺസ് ടീം (ആർ ആർടി) യോഗം ചേർന്ന് സംസ്ഥാനത്തെ പൊതു സാഹചര്യം വിലയിരുത്തി. തിരുവനന്തപുരത്ത് മരണമടഞ്ഞയാൾക്ക് അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചതിന് പുറമേ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയിലുള്ള 3 പേർക്ക് കൂടി രോഗം സ്ഥിരീകരിച്ചിട്ടുണ്ട്. ഈ രോഗികളെല്ലാം പായൽ പിടിച്ചു കിടന്ന കുളത്തിലെ വെള്ളവുമായി പല രീതിയിൽ സമ്പർക്കമുണ്ടായ ആൾക്കാരാണ്.

കെട്ടിക്കിടക്കുന്നതോ ഒഴുകുന്നതോ ആയ ജല സ്രോതസുകളുമായി ബന്ധപ്പെടുന്ന ആൾക്കാരിൽ വളരെ അപൂർവമായി കാണുന്ന രോഗമാണ് അമീബിക്ക് മെനിഞ്ചോ എൻസെഫലൈറ്റിസ്. വേനൽക്കാലത്ത് വെള്ളത്തിന്റെ അളവ് കുറയുന്നതോടെയാണ് അമീബ വർധിയ്ക്കുകയും കൂടുതലായി കാണുകയും ചെയ്യുന്നത്. വെള്ളത്തിലിറങ്ങുമ്പോൾ അടിത്തട്ടിലെ ചേറിലുള്ള അമീബ വെള്ളത്തിൽ കലങ്ങുകയും മൂക്കിലൂടെ ശരീരത്തിൽ പ്രവേശിക്കുകയും ചെയ്യുന്നു. രോഗാണുബാധ ഉണ്ടായി ഒന്ന് മുതൽ ഒൻപത് ദിവസങ്ങൾക്കുള്ളിലാണ് രോഗലക്ഷണങ്ങൾ ഉണ്ടാകുന്നത്.

ചെവിയിൽ പഴുപ്പുള്ളവർ കുളത്തിലും കെട്ടിക്കിടക്കുന്ന വെള്ളത്തിലും മറ്റും കുളിക്കാൻ പാടില്ല. കെട്ടിക്കിടക്കുന്ന വെള്ളത്തിൽ കുളിക്കുന്നതും വെള്ളത്തിൽ ഡൈവ് ചെയ്യുന്നതും പരമാവധി ഒഴിവാക്കണം. വാട്ടർ തീം പാർക്കുകളിലേയും സ്വിമ്മിംഗ് പൂളുകളിലേയും വെള്ളം കൃത്യമായി ക്ലോറിനേറ്റ് ചെയ്ത് ശുദ്ധമാണെന്ന് ഉറപ്പാക്കണം. മൂക്കിലേക്ക് വെള്ളം ഒഴിക്കുകയോ വലിച്ചു കയറ്റുകയോ ചെയ്യരുത്. മൂക്കിൽ വെള്ളം കയറാതിരിക്കാൻ നേസൽ ക്ലിപ്പ് ഉപയോഗിക്കുക.

എലിപ്പനി പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കണം. കെട്ടിക്കിടക്കുന്ന വെള്ളത്തിലോ ചെളിയിലോ ഇറങ്ങുന്നവർ നിർബന്ധമായും എലിപ്പനി പ്രതിരോധ ഗുളികയായ ഡോക്സിസൈക്ലിൻ ആരോഗ്യ പ്രവർത്തകരുടെ നിർദേശാനുസരണം കഴിക്കേണ്ടതാണ്. സന്നദ്ധ പ്രവർത്തകർ ഉൾപ്പെടെയുള്ളവർ ഡോക്സിസൈക്ലിൻ കഴിക്കേണ്ടതാണ്. ഡെങ്കിപ്പനി കേസുകളിൽ കുറവ് വന്നിട്ടുള്ളതായി വിലയിരുത്തി. ആശുപത്രികളിൽ മരുന്നിന്റെ ലഭ്യത ഉറപ്പ് വരുത്താനും മന്ത്രി നിർദേശം നൽകി.

ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർമാർ, കെ.എം.എസ്.സി.എൽ. ജനറൽ മാനേജർ, ആർ.ആർ.ടി. അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

# വയനാട് ദുരിതബാധിതർക്ക് സഹായം പ്രഖ്യാപിച്ച് റിലയൻസ് ഫൗണ്ടേഷൻ



**വയനാട്:**വയനാട്ടിലുണ്ടായ ഉരുൾപൊട്ടലിൽ ദുരിതബാധിതർക്ക് റിലയൻസ് ഫൗണ്ടേഷൻ സമഗ്ര ദുരിതാശ്വാസ സഹായം പ്രഖ്യാപിച്ചു. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുള്ള അടിയന്തര സഹായം, ഈ മേഖലയിലെ ജീവനോപാധികൾ പുനർനിർമ്മിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുള്ള ദീർഘകാല വികസന സംരംഭങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടും.

അടിയന്തര ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി റിലയൻസ് ഫൗണ്ടേഷന്റെ ദുരന്തനിവാരണ സംഘം സംസ്ഥാന അധികാരികളുമായും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുമായും (എസ് ഡി എം എ) ചേർന്ന് പ്രവർത്തിക്കും. പാൽ, പഴങ്ങൾ തുടങ്ങിയ പോഷക ആഹാരങ്ങൾ, അടുക്കളയിലേക്ക് ആവശ്യമായ റേഷൻ, പാത്രങ്ങൾ ഉൾപ്പെടെയുള്ള മറ്റ് അവശ്യസാധനങ്ങൾ എന്നിവ ക്യാമ്പുകളിൽ കഴിയുന്നവർക്ക് വിതരണം ചെയ്യും.

വെള്ളം, ടോയ്ലറ്ററികൾ, അവശ്യ ശുചിത്വ വസ്തുക്കൾ, തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ ലഭ്യമാക്കും.വീട് നഷ്ടമായ കുടുംബങ്ങളെ ദൈനംദിന ജീവിതം പുനരാരംഭിക്കാൻ സഹായിക്കുന്നതിന് താൽക്കാലിക ഷെൽട്ടറുകൾ, കിടക്കകൾ, വസ്ത്രങ്ങൾ, അടുക്കളയിലേക്കുള്ള അവശ്യവസ്തുക്കൾ എന്നിവ നൽകും.സുസ്ഥിര ഉപജീവനം പുനഃസ്ഥാപിക്കാൻ വയനാടിന്റെ ആവാസവ്യവസ്ഥയ്ക്ക് അനുസൃതമായി വിത്ത്, കാലിത്തീറ്റ, ഉപകരണങ്ങൾ, തൊഴിൽ പരിശീലനം കൃഷി, എന്നിവയ്ക്ക് പിന്തുണ നൽകും.

ദുരന്തബാധിതരായ കുട്ടികൾക്ക് വിദ്യാഭ്യാസത്തിന്റെ തുടർച്ച ഉറപ്പാക്കാൻ പുസ്തകങ്ങളും കളി സാമഗ്രികളും വിതരണം ചെയ്യും. ക്യാംപുകളിലെ താമസക്കാർക്കും ദുരന്തനിവാരണ സംഘങ്ങൾക്കും ആശയവിനിമയം മെച്ചപ്പെടുത്തുന്നതിന് ടവറുകൾ സ്ഥാപിക്കുന്നതിനൊപ്പം ജിയോ ഭാരത് ഫോണുകൾ ലഭ്യമാക്കും.

ദുരന്തബാധിതർക്ക്, പ്രത്യേകിച്ച് കുട്ടികൾക്കും യുവാക്കൾക്കും, കൗൺസിലിംഗ് നൽകും, ഒപ്പം കമ്മ്യൂണിറ്റി ഹീലിംഗ് സെന്ററുകളും തുടങ്ങുമെന്ന് റിലയൻസ് ഫൗണ്ടേഷന്റെ സ്ഥാപകയും ചെയർപേഴ്സണുമായ നിത അംബാനി പറഞ്ഞു.

ദീർഘകാലാടിസ്ഥാനത്തിലുള്ള ദുരന്തസാധ്യത നേരിടാനുള്ള സംരംഭങ്ങളെ അടിസ്ഥാനമാക്കി, വയനാട്ടിലും രാജ്യത്തുടനീളവുമുള്ള മറ്റ് ദുർബല പ്രദേശങ്ങളിലും സഹകരണപരവും കമ്മ്യൂണിറ്റി അടിസ്ഥാനമാക്കിയുള്ളതുമായ ശ്രമങ്ങൾ ശക്തിപ്പെടുത്തുകയാണ് ഫൗണ്ടേഷൻ ലക്ഷ്യമിടുന്നത്.

റിലയൻസ് ഫൗണ്ടേഷൻ ടീം സംസ്ഥാന അധികാരികളുമായി സജീവമായി ഏകോപിപ്പിച്ച് ദുരിതാശ്വാസ നടപടികൾ ഉടനടി കാര്യക്ഷമമായി നടപ്പാക്കും.

## കുസാറ്റ്: പഞ്ചവത്സര ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് എൽ.എൽ.ബി (ഹോണേഴ്സ്) പ്രോഗ്രാമിൽ സ്പോട്ട് അഡ്മിഷൻ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ പ്രൊഫ . എൻ ആർ മാധവമേനോൻ ഇന്റർ ഡിസിപ്ലിനറി സെന്റർ നടത്തുന്ന അഞ്ചുവർഷ ബിരുദ പ്രോഗ്രാമായ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് എൽ.എൽ.ബി (ഹോണേഴ്സ്) പ്രോഗ്രാമിൽ കെ.എസ്.സി/കെ.എസ്.ടി ക്യാറ്റഗറിയിൽ ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ ആഗസ്റ്റ് 8 ന് നടത്തുന്നു. രണ്ട് വിഭാഗത്തിലും 1 സീറ്റ് വീതമാണ് ഒഴിവ്. റാങ്ക് ലിസ്റ്റിലുള്ളവരുടെ അഭാവത്തിൽ അവശ്യ യോഗ്യതയുള്ള മറ്റുള്ളവരെയും പരിഗണിക്കും. കെ.എസ്.സി, കെ.എസ്.ടി ക്യാറ്റഗിയിൽപെട്ടവരുടെ അഭാവത്തിൽ യോഗ്യരായ ഒ.ഇ.സി(എസ്.സി), ഒ.ഇ.സി(എസ്.ടി) വിഭാഗങ്ങൾക്കും (ക്യാറ്റ് റാങ്ക് ലിസ്റ്റിൽ ഉള്ളവർ) അവസരം നൽകും. താല്പര്യമുള്ളവർ രാവിലെ 9.30 നും 10.30 നും ഇടയിൽ ഓഫീസിൽ റിപ്പോർട് ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക് https://admissions.cusat.ac.in, എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുകയോ 8078019688 എന്ന നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യുക.

**കൊച്ചി:** കൊച്ചി ശാസ്ത്ര സർവകലാശാലയിലെ പ്രൊഫ. എൻ ആർ മാധവമേനോൻ ഇന്റർ ഡിസിപ്ലിനറി സെന്റർ നടത്തുന്ന ദ്വിവത്സര ബിരുദാനന്തര ബിരുദ പ്രോഗ്രാമായ മാസ്റ്റേഴ്സ് ഇൻ ബയോ എത്തിക്ക്സ് പ്രോഗ്രാമിൽ വിവിധ വിഭാഗങ്ങളിലായി ഒഴിവുള്ള 24 സീറ്റുകളിലേക്ക് ആഗസ്റ്റ് 8 ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. റാങ്ക് ലിസ്റ്റിലുള്ളവരുടെ അഭാവത്തിൽ അവശ്യ യോഗ്യതയുള്ള മറ്റുള്ളവരെയും പരിഗണിക്കും. താല്പര്യമുള്ളവർ അന്നേ ദിവസം രാവിലെ 9.30 ക്കും 10.30 ക്കും ഇടയിൽ പ്രസ്തുത ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് https://admissions.cusat.ac.in, icrep.cusat.ac.in എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുകയോ 8078019688 എന്ന നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യുക.

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ കുഞ്ഞാലി മരയ്ക്കാർ സ്കൂൾ ഓഫ് എൻജിനീയറിംഗിൽ (കെ.എം.എസ്.എം.ഇ) ബി.ടെക്ക് മറൈൻ എൻജിനീയറിംഗ് പ്രോഗ്രാമിൽ ഒഴിവുള്ള 1 സീറ്റിലേക്കായി (കെ.എസ്.ടി വിഭാഗം) ആഗസ്റ്റ് 8 ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. താൽപര്യമുള്ള വിദ്യാർത്ഥികൾ രാവിലെ 9.00 ന് കെ.എം.എസ്.എം.ഇയിൽ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസും സഹിതം ഹാജരാകണം. വിശദവിവരങ്ങൾ www.admissions.cusat.ac.in , www.kmsme.cusat.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക്, 04842576606, 9496325080 നമ്പറുകളിൽ ബന്ധപ്പെടുക.

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ഫിസിക്സ് വകുപ്പിൽ പഞ്ചവത്സര ഇൻറഗ്രേറ്റഡ് എം.എസ്.സി ഫിസിക്സ് പ്രോഗ്രാമിൽ ഒഴിവുള്ള സീറ്റുകളിലേക്കായി ആഗസ്റ്റ് 9 ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. താൽപര്യമുള്ള വിദ്യാർത്ഥികൾ രാവിലെ 9.30 നും 11.00 നും ഇടയിൽ ഫിസിക്സ് വകുപ്പിൽ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസും സഹിതം ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്, 0484 2862441, 04842577404 നമ്പറിലോ www.admissions.cusat.ac.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെടുക.

## കുസാറ്റിൽ പി.ഡി.എഫ് ഒഴിവ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സർവകലാശാലയിലെ ഇൻറർനാഷണൽ സ്കൂൾ ഓഫ് ഫോട്ടോണിക്സിൽ ഇൻഡോഫ്രഞ്ച് സെൻറർ ഫോർ ദി പ്രൊമോഷൻ ഓഫ് അഡ്വാൻസ് റിസർച്ച് (സി.ഇ.എഫ്.ഐ.പി.ആർ.എ) സ്പോൺസർ ചെയ്യുന്ന സിംഗിൾ ഫോട്ടോൺ പ്രകാശ സ്രോതസ്സുകളുടെ വികസനവുമായി ബന്ധപ്പെട്ട പ്രോജക്ടിൽ പോസ്റ്റ് ഡോക്ടറൽ ഫെല്ലോയുടെ ഒഴിവിലേക്ക് അപേക്ഷകൾ ക്ഷണിച്ചു.ഫോട്ടോണിക്സിലോ അനുബന്ധ വിഷയങ്ങളിലോ പി.എച്ച്.ഡി ബിരുദമാണ് യോഗ്യത.പി.എച്ച്.ഡി പ്രബന്ധം സമർപ്പിച്ചവർക്കും അപേക്ഷിക്കാം.താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ സ്വയം സാക്ഷ്യപ്പെടുത്തിയ ബയോഡാറ്റ സഹിതം പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ, സി.ഇ.എഫ്.ഐ.പി.ആർ.എ പ്രോജക്ട്, ഇൻറർനാഷണൽ സ്കൂൾ ഓഫ് ഫോട്ടോണിക്സ് എന്ന വിലാസത്തിൽ ആഗസ്റ്റ് 14 ന് മുൻപ് അയക്കുക.കൂടുതൽ വിവരങ്ങൾക്ക്, www.photonics.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ 04842575848 എന്ന നമ്പറിലോ ബന്ധപ്പെടുക.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ആകാശ് എജ്യുക്കേഷണൽ സർവീസസ് ലിമിറ്റഡ് ആന്തെ 2024 ആരംഭിക്കുന്നു

**കൊച്ചി:**തങ്ങളുടെ മുൻനിര സ്കോളർഷിപ്പ് പരീക്ഷയുടെ 15 മഹത്തായ വർഷങ്ങൾ അടയാളപ്പെടുത്തുന്നു, ടെസ്റ്റ് പ്രിപ്പറേറ്ററി സേവനങ്ങളിലെ ദേശീയ തലവനായ ആകാശ് എജ്യുക്കേഷണൽ സർവീസസ് ലിമിറ്റഡ് (എഇഎസ്എൽ) ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന ആകാശ് നാഷണൽ ടാലന്റിന്റെ ഏറ്റവും പുതിയ പതിപ്പിന്റെ ലോഞ്ച് അഭിമാനത്തോടെ പ്രഖ്യാപിച്ചു. ഹണ്ട് പരീക്ഷ ആന്തെ 2024ന്റെ സമാരംഭത്തോടെ, ശാസ്ത്രസാങ്കേതിക രംഗത്തെ അടുത്ത കാഴ്ചപ്പാടുകൾക്കായുള്ള അന്വേഷണം ആരംഭിക്കുന്നു.



സസ്യശാസ്ത്രം വികസിപ്പിച്ച സർ ജഗദീഷ് ചന്ദ്രബോസിനെപ്പോലുള്ള മഹാനായ ശാസ്ത്രജ്ഞർ; ഇന്ത്യയുടെ ഹരിതവിപ്ലവത്തിന്റെ പിതാവ് ഡോ. എം.എസ്.സ്വാമിനാഥൻ; ഡോ. ഹർ ഗോവിന്ദ് ഖോരാന, ബയോകെമിസ്ട്രിയിലെ കണ്ടെത്തലുകൾ ജനിതകശാസ്ത്രത്തെ പുനർ രൂപകൽപ്പന ചെയ്തു; കൂടാതെ ഡോ.എ.പി.ജെ. എയ്റോസ്പേസ്, മിസൈൽ ടെക്നോളജി എന്നിവയിലെ ദർശനപരമായ പ്രവർത്തനം ഒരു ജനതയെ പ്രചോദിപ്പിച്ച അബ്ദുൾ കലാം. സമർപ്പണത്തോടും പുതുമയോടും കൂടി സമാനമായ മികവ് കൈവരിക്കാൻ തങ്ങളുടെ വിദ്യാർത്ഥികളെ നയിക്കാൻ ആകാശ് ശ്രമിക്കുന്നു. ജനപ്രിയവും ഏറ്റവുമധികം ആവശ്യപ്പെടുന്നതുമായ പരീക്ഷ, ഏഴാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് കാര്യമായ ക്യാഷ് അവാർഡുകൾക്കൊപ്പം 100% വരെ സ്കോളർഷിപ്പുകൾ നേടാനുള്ള അവസരം നൽകുന്നു, ഇത് മെഡിസിൻ അല്ലെങ്കിൽ എഞ്ചിനീയറിംഗിൽ വിജയകരമായ ഒരു കരിയർ എന്ന സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ അവരെ സഹായിക്കുന്നു.

ഈ വർഷം, മികച്ച അഞ്ച് വിദ്യാർത്ഥികൾക്കായി യുഎസ്എയിലെ ഫ്ലോറിഡയിലുള്ള കെന്നഡി സ്പേസ് സെന്ററിലേക്ക് 5 ദിവസത്തെ എല്ലാ ചെലവുകളും അടച്ചുള്ള ഒരു യാത്ര ഉൾപ്പെടുന്നു. ഫ്ലോറിഡയിൽ സ്ഥിതി ചെയ്യുന്ന ജോൺ എഫ്. കെന്നഡി സ്പേസ് സെന്റർ, അമേരിക്കൻ ഐക്യനാടുകളിലെ നാഷണൽ എയറോനോട്ടിക്സ് ആൻഡ് സ്പേസ് അഡ്മിനിസ്ട്രേഷന്റെ (നാസ) പത്ത് ഫീൽഡ് സെന്ററുകളിൽ ഒന്നാണ്.

നീറ്റ്, ജെഇ ഇ, സ്റ്റേറ്റ് സിഇടി, എൻടിഎസ്ഇ, ഒളിമ്പ്യാഡ്സ് പോലുള്ള സ്കോളർഷിപ്പുകൾ തുടങ്ങിയ പരീക്ഷകൾക്ക് വിദ്യാർത്ഥികളെ സജ്ജമാക്കുന്ന ആകാശിന്റെ വിപുലമായ കോച്ചിംഗ് പ്രോഗ്രാമുകളിൽ നിന്ന് ആന്തെ സ്കോളർഷിപ്പ് സ്വീകർത്താക്കൾക്ക് പ്രയോജനം ലഭിക്കും.

ആകാശ് എജ്യുക്കേഷണൽ സർവീസസ് ലിമിറ്റഡിന്റെ (എഇഎസ്എൽ) സിഇഒയും എംഡിയുമായ ദീപക് മെഹ്റോത്ര അഭിപ്രായപ്പെട്ടു, ”എണ്ണമറ്റ വിദ്യാർത്ഥികളുടെ അഭിലാഷങ്ങളും കഴിവുകളും തമ്മിലുള്ള വിടവ് നികത്തുന്നതിൽ ആന്തെ നിർണായക പങ്ക് വഹിച്ചു. ഭാവിയിലെ ഡോക്ടർമാരെയും എഞ്ചിനീയർമാരെയും പരിപോഷിപ്പിക്കുന്നതിനായി ഞങ്ങൾ 2024ൽ, എഞ്ചിനീയറിംഗ്, മാത്തമാറ്റിക്സ് ദേശീയ പ്രതിഭ വേട്ട ആരംഭിക്കുകയാണ്

വിജയകരമായ 15ാം വർഷം ആഘോഷിക്കുന്ന ആന്തെ യ്ക്ക് മികച്ച നേട്ടം കൈവരിച്ചവരെ പരിപോഷിപ്പിക്കുന്നതിൽ ഒരു വിശിഷ്ട റെക്കോർഡുണ്ട്. വർഷങ്ങളായി, അതിന്റെ വിദ്യാർത്ഥികളിൽ പലരും നീറ്റ് യൂജി ജെഇ ഇ അഡ്വാൻസ്ഡ് എന്നിവയിലെ ഉയർന്ന റാങ്കുകൾ ഉൾപ്പെടെയുള്ള അഭിമാനകരമായ പരീക്ഷകളിൽ മികവ് പുലർത്തിയിട്ടുണ്ട്. ആന്തെ വഴി ആകാശിൽ ചേരുകയും ഉയർന്ന റാങ്കുകൾ നേടുകയും ചെയ്ത ചില ശ്രദ്ധേയരായ നേട്ടക്കാർ: ഋഷി ശേഖർ ശുക്ല (ജെ ഇ ഇ അഡ്വാൻസ്ഡ് 2024 എ ഐ ആർ 25); കൃഷ്ണ സായ് ശിശിർ (ജെഇഇ അഡ്വാൻസ്ഡ് 2024 എഐആർ 67); അഭിഷേക് ജെയിൻ (ജെഇഇ അഡ്വാൻസ്ഡ് 2024 എഐആർ 78) എന്നിവരും ഉൾപ്പെടുന്നു. നീറ്റ് 2023ൽ, കൗസ്തവ് ബൗരി (എ ഐ ആർ 03) ആയിരുന്നു ഞങ്ങളുടെ ടോപ് സ്കോറർമാർ; ധ്രുവ് അദ്വാനി (എ ഐ ആർ 05); സൂര്യ സിദ്ധാർത്ഥ് എൻ (എ ഐ ആർ 06); ആദിത്യ നീരജെ (എഐ ആർ 27),

# സംരംഭങ്ങൾക്ക് അനുമതി; ഏകജാലക ക്ലിയറൻസ് ബോർഡിൽ 22 അപേക്ഷകൾ തീർപ്പാക്കി

**കൊച്ചി:** ജില്ലയിൽ സംരംഭങ്ങൾക്ക് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട തടസങ്ങൾ നീക്കുന്നതിനായി ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷിന്റെ അധ്യക്ഷതയിൽ ചേ4ന്ന ഏകജാലക ക്ലിയറൻസ് ബോർഡിൽ ആകെ 50 അപേക്ഷകൾ പരിഗണിച്ചു. ഇതിൽ 22 എണ്ണം തീർപ്പാക്കി. വ്യവസായ സംരംഭങ്ങളുമായി ബന്ധപ്പെട്ട് ജില്ലാതല പരാതി പരിഹാര സമിതിയിൽ അഞ്ച് പരാതികൾ പരിഗണിച്ചു. ഇതിൽ മൂന്ന് പരാതികൾ തീ4പ്പാക്കി. ബാക്കിയുള്ള അപേക്ഷകളും പരാതികളും അടുത്ത യോഗത്തിന്റെ പരിഗണനയ്ക്ക് വിട്ടു.

സംരംഭങ്ങൾ തുടങ്ങാനാഗ്രഹിക്കുന്നവ4ക്ക് എല്ലാ പിന്തുണയും നൽകണമെന്ന് ജില്ലാ കളക്ടർ പറഞ്ഞു. പരാതികൾ സമയബന്ധിതമായി തീർപ്പാക്കണം. സിംഗിൾ വിൻഡോ ബോർഡ് യോഗത്തിലെടുക്കുന്ന തീരുമാനങ്ങൾ കൃത്യമായി നടപ്പാക്കുന്നുണ്ടെന്ന് ബന്ധപ്പെട്ടവർ ഉറപ്പാക്കണമെന്നും ജില്ലാ കളക്ടർ പറഞ്ഞു. വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള കെട്ടിടങ്ങൾക്കുള്ള പെർമിറ്റ്, നഗരാസൂത്രണ വിഭാഗത്തിന്റെ അനുമതി, ഫയർ ആന്റ് റെസ്ക്യൂ സർവീസിന്റെ അനുമതി, പഞ്ചായത്ത് ലൈസൻസ്, ഒക്യുപൻസി മാറ്റുന്നതിനുള്ള അപേക്ഷ, ഗ്രൗണ്ട് വാട്ടർ വകുപ്പിന്റെ അനുമതി, തദ്ദേശ സ്ഥാപനങ്ങളുടെ അനുമതി, മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി തുടങ്ങി വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതിയുമായി ബന്ധപ്പെട്ട അപേക്ഷകളാണ് സമിതി പരിഗണിച്ചത്.

കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ ജില്ലാ വ്യവസായ കേന്ദ്രം മാനേജർമാരായ പി.എ. നജീബ്, ജി. വിനോദ്, അസിസ്റ്റന്റ് ഡയറക്ടർ അനീഷ് മാനുവൽ, ബോർഡ് അംഗങ്ങളായ കെഎസ്എസ്ഐഎ സെക്രട്ടറി എം.എ. അലി, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, സംരംഭകർ തുടങ്ങിയവർ പങ്കെടുത്തു.




# വയനാട് ദുരന്തം: ഇരയാക്കപ്പെട്ടവർക്ക് ഫ്യൂമ്മ ഫർണിച്ചറുകൾ നൽകും

**കൊച്ചി:** വയനാട്ടിലെ ഉരുൾപൊട്ടൽ ദുരന്തബാധിതർക്കായി സംസ്ഥാന സർക്കാർ പ്രഖ്യാപിക്കുന്ന പുനരധിവാസ പാക്കേജിൽ നിർമിക്കുന്ന മുഴുവൻ വീടുകൾക്കും ആവശ്യമായ ഫർണിച്ചറുകൾ നൽകുമെന്ന് ഫർണിച്ചർ മാനുഫാക്ചറേഴ്സ് ആന്റ് മർച്ചന്റ്സ് വെൽഫെയർ അസോസിയേഷൻ ഓഫ് കേരള (ഫ്യൂമ്മ) സംസ്ഥാന പ്രസിഡന്റ് ടോമി പുലിക്കാട്ടിൽ അറിയിച്ചു. കേരളത്തിലെ മുഴുവൻ ഫർണിച്ചർ വ്യാപാരി വ്യവസായികളുടെയും സഹകരണത്തോടെയാണ് മൂന്നു കോടിയിലേറെ ഉത്പാദന മൂല്യമുള്ള ഫർണിച്ചറുകൾ നൽകുക. ഇക്കാര്യത്തിൽ സർക്കാറുമായി ധാരണാപത്രം കൈമാറാൻ ആഗസ്ത് എട്ടിന് മുഖ്യമന്ത്രി പിണറായി വിജയനുമായി ഫ്യുമ്മ പ്രതിനിധികൾ കൂടിക്കാഴ്ച നടത്തും. ടോമി പുലിക്കാട്ടിൽ, ഷാജിമൻഹർ, ബൈജു രാജേന്ദ്രൻ, എം എം മുസ്തഫ, ഷാജഹാൻ കല്ലുപറമ്പിൽ എന്നിവരടങ്ങിയ സംഘമാണ് മുഖ്യമന്ത്രിയുമായി കൂടിക്കാഴ്ച നടത്തുക. ഒരു വീട്ടിലേക്കാവശ്യമായ കട്ടിൽ, കിടക്ക, തലയിണകൾ, ബെഡ്ഷീറ്റ്, 4 സീറ്റ് ഡൈനിംഗ് ടേബിൾ, 4 ഡൈനിംഗ് ചെയർ, രണ്ടു കള്ളി അലമാര, രണ്ട് പ്ലാസ്റ്റിക് ആം ചെയർ, ഡ്രോയിംഗ് റൂമിൽ നാല് ചെയർ, ടീപോയി, ഡോർ മാറ്റുകൾ എന്നിവയാണ് ഫ്യൂമ്മ സമ്മാനിക്കുകയെന്നും ഭാരവാഹികൾ അറിയിച്ചു.